## 29.03.2012 ലെ കൗൺസിൽ യോഗത്തിന്റെ നടപടിക്രമം

യോഗം ചെയർപേഴ്സൺ ശ്രീമതി ബുഷ്റ ഷബീറിന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ കൗൺസിലർമാരായ ശ്രീ. കെ. അബു, ശ്രീ. പി. ഉസ്മാൻ കുട്ടി എന്നിവരൊഴികെ മറ്റ് കൗൺസിലർമാർ ഹാജരായിരുന്നു. യോഗത്തിൽ സെക്രട്ടറി, വകുപ്പ് മേധാവികൾ എന്നിവരും ഹാജരായിരുന്നു.

**യോഗത്തിലെ തീരുമാനം**

**അജണ്ട:**

## A1-129/12

കോട്ടക്കൽ നഗരസഭയുടെ 2011-12 വർഷത്തെ പുതുക്കിയ ബജറ്റും 2012-13 വർഷത്തെ ബജറ്റ് പ്രൊപോസലും അംഗീകരിക്കുന്ന വിഷയം കൗൺസിൽ പരിഗണനക്ക്.

**കുറിപ്പ് :-** 14.03.2012 ലെ ധനകാര്യ സ്ഥിരം സമിതി 2012-13 വർഷത്തെ ബജറ്റ് പ്രൊപേസലുകൾ അംഗീകരിച്ച് കൗൺസിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്.

**തീരുമാനം**

നഗരസഭയുടെ 2011-12 വർഷത്തെ പുതുക്കിയ ബജറ്റും 2012-13 വർഷത്തെ ബജറ്റ് എസ്റ്റിമേറ്റും നഗരസഭാ ധനകാര്യ സ്ഥിരം സമിതി ചെയർമാൻ ശ്രീ. പാറോളി മൂസ്സകുട്ടി ഹാജി അവതരിപ്പിച്ചു.

തുടർന്ന് കൗൺസിൽ ബജറ്റ് സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തു. ടി ബജറ്റ് കഴിഞ്ഞ കൊല്ലത്തെ ആവർത്തണനമാണെന്നും കാർഷിക മേഖലകൾക്ക് വേണ്ടത്ര പരിഗണന നൽകിയിട്ടില്ലെന്നും കഴിഞ്ഞ ബജറ്റിൽ വിഭാവനം ചെയ്ത പദ്ധതികൾ ഒന്നും പൂർത്തീകരിച്ചിട്ടില്ലെന്നും കൗൺസിലർമാരായ ശ്രീ. ടി. കബീർ ശ്രീ. മുഹമ്മദ് ശരീഫ് എന്നിവർ പറഞ്ഞു. എന്നാൽ കൗൺസിലർമാർക്കുള്ള ഫണ്ട് പ്രശംസനീയമാണ് എന്നും ശ്രീ. മുഹമ്മദ് ശരീഫ് കൂട്ടി ചേർത്തു.

ഈ ബജറ്റ് സമഗ്ര മേഖലയിലും ആവശ്യമായ തുക വകയിരുത്തിയിട്ടുള്ളതാണെന്നും വിശാലമായ കാഴ്ച്ചപ്പാടോടെയാണ് ഇത് അവതരിപ്പിച്ചിട്ടുള്ളതെന്നും മരാമത്ത് കാര്യ സ്ഥിരം സമിതി ചെയർമാൻ ശ്രീ. കെ. കെ നാസർ അറിയിച്ചു. ചർച്ചകൾക്ക് ശേഷം 2012-13 പുതുക്കിയ ബജറ്റ് 2012-13 വർഷത്തേക്കുള്ള 4872970/- രൂപ മുന്നിരിപ്പും 403626700/- വരവും (ആകെ 408499670/- രൂപ ) 402746700/- രൂപ ചെലവും 5752970/- രൂപ നീക്കിയിരിപ്പുമുള്ള ബജറ്റ് എസ്റ്റിമേറ്റ് ഏകകണ്ഠേന അംഗീകരിച്ചു.

യോഗം 1.00 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
**ചെയർപേഴ്സൺ,**
**കോട്ടക്കൽ നഗരസഭ.**